ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമുദ്രാതിർത്തിയിൽ താഴെപ്പറയുന്ന വലകൾക്ക് നിരോധനമേർപ്പെടുത്തിയിട്ടുണ്ട്:

1. മിഡ് വാട്ടർ ട്രോൾ നെറ്റ്
2. പെലാജിക് ട്രോൾ നെറ്റ്
3. റിംഗ്സിൻ നെറ്റ്
4. പേഴ്സിൻ നെറ്റ്
5. 35 എം. എം.-ന് താഴെ കണ്ണി വലിപ്പമുള്ള ട്രോൾ നെറ്റ്
6. ട്രോളിംഗ് നിരോധന കാലയളവിൽ ബോട്ടം ട്രോൾ വലകൾ
7. സൂര്യാസ്തമനം മുതൽ സൂര്യോദയം വരെ ട്രോളിംഗ്.

(ബി) ഉണ്ട്. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം, 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ പട്രോളിംഗ് നടത്തി മത്സ്യബന്ധന യാനങ്ങളും, വലകളും പരിശോധിച്ച് നിയമലംഘനം നടത്തുന്നവർക്കെതിരെ കേരള മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ട് (കെ.എം.ഇ.ആർ.) അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാസർഗോഡ് ജില്ലയിൽ കർണ്ണാടകത്തിൽ നിന്നുള്ള ബോട്ടുകൾ മത്സ്യബന്ധനം നടത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിനെതിരെ കർശനമായി കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം അനുസരിച്ച് കടൽ പട്രോളിംഗ് നടത്തുന്നതിന് ഫിഷറീസ് സ്റ്റേഷനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മത്സ്യബന്ധനം നടത്തുന്നവരും ട്രോളിംഗ് ബോട്ടുകളും തമ്മിൽ ഉണ്ടാകുന്ന സംഘർഷം

142 [1081] *ശ്രീ. ഇ. എം. അഗസ്തി:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *കെ. എ. ചന്ദ്രൻ:*
,, *കെ. മോഹൻ കുമാർ:*
,, *ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യബന്ധനം നടത്തുന്നവരും ട്രോളിംഗ് ബോട്ടുകളും തമ്മിൽ സംസ്ഥാനത്തിന്റെ തീരക്കടലിൽ പലപ്പോഴും സംഘർഷം ഉണ്ടാകാറുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) സംഘർഷം എപ്രകാരം ഒഴിവാക്കുവാൻ കഴിയും; അതിന് നിയമ നിർമ്മാണ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചുരുക്കം ചില സന്ദർഭങ്ങളിൽ സംഘർഷം ഉണ്ടാകാറുണ്ട്.

(ബി) ചില സീസണുകളിൽ വിലപിടിപ്പുള്ള മത്സ്യങ്ങളായ പരവ, ആവോലി, കണവ, ടൈഗർ പ്രോൺ എന്നിവ തീരക്കടലിൽ ലഭിക്കുമ്പോൾ ചെറിയ ബോട്ടുകളിൽ രാത്രി കാലങ്ങളിൽ മത്സ്യബന്ധനം നടത്തുവാൻ മുതിരുന്നതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വലകൾക്ക് കേടു സംഭവിക്കുന്നതിനെ ചൊല്ലി സംഘർഷം ഉണ്ടാകുന്നതായിട്ടുള്ള പരാതി കൊല്ലം ജില്ലയിൽ ഉണ്ടായിട്ടുണ്ട്.

(സി) രാത്രികാല ട്രോളിംഗ് നിരോധിച്ചുകൊണ്ട് കെ. എം. എഫ്. ആർ. ആക്ട് ശക്തമായി നടപ്പിലാക്കുന്നു. ഇതിനായി ശക്തമായി പട്രോളിംഗ് നടത്തി വരുന്നു. കൂടാതെ പ്രശ്നക്കാരായ ചെറിയ ബോട്ടുടമകളെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനായി ബോധവൽക്കരിക്കുകയും, തന്മൂലം ഇത്തരം മത്സ്യബന്ധനം നിയന്ത്രണ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

ബാംബൂഷ്റിംപ് നിലവിലുള്ളപ്പോഴുള്ള ട്രോളിംഗ് നിരോധനം

143 [1082] *ശ്രീ. പി. ജെ. ജോയി:*
" *പി. ടി. തോമസ്:*
" *വി. ജെ. പൗലോസ്:*
" *എം. കെ. പോൾസൺ മാസ്റ്റർ:*
" *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂഷ്റിംപ് എന്നറിയപ്പെടുന്ന പുലിക്കൊഞ്ച് സംസ്ഥാനത്തിന്റെ കടൽത്തീരത്ത് എവിടെയെല്ലാം കാണപ്പെടുന്നു; ഏതുകാലത്താണ് ഇവ കാണപ്പെടുന്നത്;

(ബി) ഇവ കാണപ്പെടുന്ന കാലത്ത് ട്രോളിംഗ് നിരോധനം നിലവിൽ വരാറുണ്ടോ; ഇവയ്ക്ക് രാജ്യാന്തര മാർക്കറ്റിൽ എന്തു വിലയുണ്ട്;

(സി) ട്രോളിംഗ് നിരോധന കാലത്ത് അന്യ സംസ്ഥാനങ്ങളിലെയും വിദേശങ്ങളിലെയും മത്സ്യബന്ധന കപ്പൽ ഇവയെ പിടിക്കുമ്പോൾ കേരളത്തിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ആ സൗകര്യം നിഷേധിക്കപ്പെടുന്നുണ്ടോയെന്നറിയിക്കാമോ?

ഉത്തരം

(എ) ബാംബൂടൈഗർ ഷ്റിംപ് എന്നറിയപ്പെടുന്ന പുലിക്കൊഞ്ച് സംസ്ഥാനത്തിന്റെ ശക്തികുളങ്ങര- നീണ്ടകര തീരത്താണ് മുഖ്യമായും കണ്ടുവരുന്നത്. ഏപ്രിൽ മുതൽ ജൂൺ വരെയും ഒക്ടോബർ മുതൽ ഡിസംബർ വരെയും ഉള്ള കാലയളവിലാണ് ഇവ കാണപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly